പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3356

14.07.2015 - ൽ മറുപടിക്ക്

# സിഡ്കോ മുഖേന പുഴമണൽ വിൽപന

| ചോദ്യം<br>ശ്രീമതി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി) |
|---|---|---|
| (എ) പുഴമണൽ വിൽപനക്കായി സിഡ്കോ പരസ്യം നൽകിയത് എന്നാണ് ; | (എ) : | പുഴമണൽ വിൽപനക്കായി സിഡ്കോ 20/02/2015-നാണ് മാതൃഭൂമി പത്രത്തിൽ പരസ്യം നൽകിയത്. |
| (ബി) പ്രസ്തുത പരസ്യത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമായിരുന്നു ; | (ബി) : | 19/02/15-ലെ SIDCO/Tdg/Sand/2014-15/7-ാം നമ്പർ നോട്ടീസ് പ്രകാരം കേരളത്തിലുടനീളം പുഴമണൽ വിപണനം നടത്താൻ താലൂക്കാടിസ്ഥാനത്തിൽ വിതരണക്കാരെ ക്ഷണിച്ചു. |
| (സി) പ്രസ്തുത പരസ്യത്തിന്റെ അടിസ്ഥാനത്തിൽ മണൽ ലഭിക്കുന്നതിനായി എത്ര പേർ സെക്യൂരിറ്റി തുക കെട്ടിവച്ച് സിഡ്കോയ്ക്ക് അപേക്ഷ നൽകിയിരുന്നു ; ഈ ഇനത്തിൽ എത്ര തുക ലഭിച്ചു ; | (സി) : | സെക്യൂരിറ്റി തുക ഈടാക്കിയിട്ടില്ല. 40 പേർ മണൽ എടുക്കാൻ താത്പര്യം പ്രകടിപ്പിച്ചു. അവരവർ എടുക്കുന്ന മണലിന്റെ അളവിനനുസൃതമായി മുൻകൂർ തുക അടക്കുകയും ചെയ്യു. |
| (ഡി) അപേക്ഷകർക്ക് മണൽ ലഭ്യമാക്കിയിട്ടുണ്ടോ ; കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കുമോ ; അപേക്ഷകർക്ക് മണൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ; | (ഡി) : | അപേക്ഷകർക്ക് മണൽ ലഭ്യമാക്കിയിട്ടില്ല. ബാങ്കിൽ നിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കുന്നതിനു വേണ്ടി സിഡ്കോയ്ക്കു സർക്കാർ ഗാരണ്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.